1. ഉദ്യാന വിളകൾ ഉൾപ്പെടെയുള്ള ഹ്രസ്വകാല കാർഷിക വിളകൾക്ക്

ഹെക്ടറിന് 4,500 രൂപ (മഴയെ ആശ്രയിച്ചുള്ള കൃഷിയിടങ്ങളിൽ) ഹെക്ടറിന് 9,000 രൂപ (ജലസേചനം ആശ്രയിച്ചുള്ള കൃഷിയിടങ്ങൾ)

2. ദീർഘകാല വിളകൾക്ക്

ഹെക്ടറിന് 12,000 രൂപ സ.ഉ.(എംഎസ്.) നമ്പർ 194/2015/ഡി. എം.ഡി., തീയതി 20-5-2015 പ്രകാരം 1-4-2015 മുതൽ നഷ്ടപരിഹാരത്തുക യഥാക്രമം ഹെക്ടറിന് 6,800 രൂപ, 13,500 രൂപ, 18,000 രൂപ നൽകുന്നതിനാണ് ഉത്തരവായിട്ടുള്ളത്. സ.ഉ.(എംഎസ്.)നമ്പർ 239/12/ഡി.എം.ഡി., പ്രകാരമുള്ള നിരക്കിൽ തന്നെ കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

കൃഷി ഓഫീസിന് കെട്ടിടം

104 (2737) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര മണ്ഡലത്തിലെ വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; ആവശ്യമായ തുക അനുവദിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

കൃഷിഭവനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട വയാകയാൽ അവയ്ക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. അതിനാൽ വള്ളിക്കുന്നം കൃഷിഭവന് കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കേണ്ടത് വള്ളിക്കുന്നം ഗ്രാമപഞ്ചായത്താണ്.

കൃഷിവകുപ്പ് വക ഭൂമി

105 (2738) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly